പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 940 14-10-2026-ൽ മറുപടിയ്ക്ക്

മലമ്പുഴ പഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. പ്രഭാകരൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം മലമ്പുഴ പഞ്ചായത്തിലെ കവ, ആനക്കൽ, തെക്കേ മലമ്പുഴ എന്നീ പ്രദേശങ്ങളിലേക്ക് കുടിവെള്ള കണക്ഷൻ എത്തിക്കുന്ന പ്രവൃർത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

മറുപടി: മലമ്പുഴ പഞ്ചായത്തിലെ കവ, ആനക്കൽ, തെക്കേമലമ്പുഴ എന്നീ പ്രദേശങ്ങളിലേക്ക് കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിൽ 52 കി.മീ പൈപ്പ്ലൈൻ സ്ഥാപിക്കുക, 814 കുടിവെള്ള കണക്ഷൻ നൽകുക, 15 കി.മീ റോഡ് റെസ്റ്റോറേഷൻ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൽ മലമ്പുഴ ആനക്കൽ റിംഗ് റോഡിൽ 44 കി.മീ വിതരണശൃംഖല സ്ഥാപിച്ച് 530 കണക്ഷനുകളും നൽകിയിട്ടുണ്ട്. കൂടാതെ 3 കി.മീ റോഡ് റെസ്റ്റോറേഷൻ പൂർത്തീകരിച്ചിട്ടുമുണ്ട്. ജി.എസ്.ബി, വെറ്റ്മിക്സ് എന്നിവക്ക് നിരക്ക് വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രവൃത്തി തുടരാൻ കഴിയില്ലെന്ന് കരാറുകാരൻ അറിയിച്ച സാഹചര്യത്തിൽ ബാക്കി പ്രവൃത്തി റിസ്ക് & കോസ്റ്റിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(ബി) മലമ്പുഴയിലേക്കും സമീപ പ്രദേശങ്ങളിലേക്കും ജലവിതരണം നടത്തുന്നതിനായി മലമ്പുഴയിൽ 3 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജലസംഭരണി നിർമ്മിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മറുപടി: മലമ്പുഴ പഞ്ചായത്തിലെ തെക്കേ മലമ്പുഴയിൽ നിർമ്മിക്കേണ്ട 3 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണിയുടെ പ്രവൃത്തി നിരവധി തവണ ടെണ്ടർ ചെയ്തെങ്കിലും ആരും തന്നെ പ്രവൃത്തി ഏറ്റെടുക്കുവാൻ തയ്യാറായിട്ടില്ല. അവസാന ടെണ്ടറിൽ പങ്കെടുത്ത കരാറുകാരൻ പ്രവൃത്തിയുടെ ടെൻഡർ തുകയേക്കാൾ 27% അധിക നിരക്കിൽ ക്വാട്ട് ചെയ്ത് സമർപ്പിച്ച ടെൻഡർ പരിശോധിച്ചു അംഗീകരിയ്ക്കുന്ന മുറയ്ക്ക് പ്രവർത്തിയ്ക്ക് കരാർ നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ